# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 787

01/03/2017-ലെ
മറുപടിയ്ക്ക്.

## പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനം

| ചോദ്യം<br>ശ്രീ. കെ. ദാസൻ | | മറുപടി<br>ശ്രീ.എ.കെ. ബാലൻ<br>പട്ടികജാതി- പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (എ) | 1. പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള 44 ഐ.ടി.ഐ. കളിലായി പ്രതിവർഷം പരിശീലനം നേടാൻ കഴിയുന്ന 2070 പരിശീലനാർത്ഥികൾക്ക് ഐ.ടി.ഐ കളിലെ പരിശീലന സമയം, സാമ്പത്തിക പരാധീനത എന്നിവ കണക്കിലെടുത്തുകൊണ്ടും പരിശീലനാർത്ഥികൾക്ക് ഒരു പ്രോത്സാഹനം എന്ന നിലയിലും ഉച്ചഭക്ഷണം നൽകുന്നതിനുള്ള ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചു. ഇതിന് 3,10,50,000/- രൂപ അനുവദിച്ചു നൽകി.<br>2. വകുപ്പിനു കീഴിൽ പ്രവർത്തിച്ചു വരുന്ന പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ റെസിഡൻഷ്യൽ ട്യൂട്ടർമാരുടെ ഓണറേറിയം 2,000/- രൂപയിൽ നിന്ന് 7,500/- രൂപയായി വർദ്ധിപ്പിച്ചു.<br>3. സംസ്ഥാനത്ത് 9 മുതൽ 12 ക്ലാസ്സുവരെ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുക, പഠനത്തിലെ പോരായ്മകൾ കണ്ടെത്തി പരിശീലനം നൽകുക എന്നീ ഉദ്ദേശത്തോടെ കേന്ദ്രസർക്കാർ പദ്ധതിയുടെ മാനദണ്ഡമനുസരിച്ച് 213 വിദ്യാർത്ഥികൾക്ക് (ഡേ സ്കോളേഴ്സിന് 16,000/- രൂപയും ഹോസ്റ്റലേഴ്സിന് 25,000/- രൂപയും) അപ്ഗ്രഡേഷൻ ഓഫ് മെരിറ്റ് ഇനത്തിൽ അനുവദിച്ചു.<br>4. 2007-08 മുതൽ 2012-13 വർഷം വരെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ പണി പൂർത്തീകരിക്കാതെ അവശേഷിക്കുന്നവർക്ക് പഴയ നിരക്കിൽ വാങ്ങിയ ധനസഹായ തുക രണ്ട് ലക്ഷം രൂപയ്ക്ക് ആനുപാതികമായ നിരക്കിൽ അധിക ധനസഹായമായി നൽകുന്നതിന് 18.02.2017-ലെ സ.ഉ.(സാധാ) നമ്പർ 494/2017/പജ.പവ.വിവ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.<br>ഇതര പദ്ധതികളുടെ ഭാഗമായി താഴെപറയുന്ന പ്രധാന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. ഭവന നിർമ്മാണം - 15000 വീടുകൾ.<br>2. വീട് പുനരുദ്ധാരണം - 7000 വീടുകൾ<br>3. വീട് വെക്കുവാൻ സ്ഥലം - 4438<br>4. ചികിത്സാ ധനസഹായം 17388 (40.49 കോടി)<br>5. കോർപ്പസ് ഫണ്ട് പദ്ധതികൾ എല്ലാ ജില്ലകളിലും നടന്നുവരുന്നു. |
| (ബി) | എസ്.സി. കോർപ്പസ് ഫണ്ടുപയോഗിച്ച് കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | എസ്.സി. കോർപ്പസ് ഫണ്ട് ഉപയോഗിച്ച് കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കുന്നതിന് അനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |

Rashmilal

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

**2016-17 ൽ കോർപ്പസ് ഫണ്ടിൽ നിന്നും അംഗീകാരം നൽകിയ കോഴിക്കോട് ജില്ലയിലെ പദ്ധതികൾ**

| Sl.No. | Project Name | Amount | Panchayat/ Municipality |
|---|---|---|---|
| 1 | Edoli Meethal Colony Footpath | 1050000 | Kakkodi |
| 2 | Pavattikunnu SC colony Road | 1400000 | Narikuni |
| 3 | Kamalakunnu SC colony Road | 575000 | Kakkodi |
| 4 | Koramangalam Drinking Water | 2100000 | Kuruvatoor |
| 5 | Thadaparamb Thazhakottummal Road | 2500000 | Kuruvatoor |
| 6 | Thadaparamb IHDP Colony Drinking Water | 2500000 | Mukkam Municipality |
| 7 | Puthalathakandy Meethal Colony Road | 1800000 | Atholi |
| 8 | Ittaramkode SC Colony Road Taring | 750000 | Mukkam Municipality |
| 9 | Venappara Chayippil SC Colony Road | 1500000 | Mukkam Municipality |
| 10 | Panachingal SC Colony Road Taring | 720000 | Mukkam Municipality |
| 11 | Ozhampoyil SC Colony Drinking Water | 2500000 | Mukkam Municipality |
| | **Total** | **17395000** | |

സെക്ഷൻ ഓഫീസർ